# മുളകിട്ടാതെ തൊഴിലാളികൾ വിഷമിക്കുമ്പോൾ കോടികളുടെ മുള ദ്രവിച്ചു തീരുന്നു

അനിൽകമാർ തൃക്കൈപ്പറ്റ

പരമ്പരാഗതമുളപ്പണിക്കാരും സർക്കാർ പൊതുമേഖലാസ്ഥാപനമായ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയും മുള കിട്ടാതെ പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ, മാവൂർ ഗ്വാളിയോർ റയോൺസിനുവേണ്ടി മുറിച്ചിട്ട ആയിരക്കണക്കിന് ടൺ മുള മഴയും വെയിലുമേറ്റ് നശിക്കുന്നു.

1991മുതൽ '98 വരെ വയനാട്ടിലെ പാതിരിവടക്ക്, പാതിരി തെക്ക്, ചീയമ്പം, പാമ്പ്ര എന്നീ 4 സെക്ഷനുകളിലെ 10,000 ഹെക്ടർ വനഭൂമിയിൽ നിന്നും മുറിച്ച് കപ്പാടി വനഡിപ്പോക്ക് സമീപത്തെ വനഭൂമിയിൽ കൂട്ടി ഇട്ടിരിക്കുന്ന ഏകദേശം ഇരുപത്തി അഞ്ചായിരത്തോളം ടൺ മുളയാണ് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നത്. മാവൂർ റയോൺസ് പൂട്ടിയ സാഹചര്യത്തിൽ മുള എന്ത് ചെയ്യണമെന്ന് അറിയാതെ ബുദ്ധിമുട്ടുകയാണ് ബന്ധപ്പെട്ടവർ. '91-'92 വർഷത്തിൽ എല്ലാ നികുതിയും ഉൾപ്പെടെ ടണ്ണിന് 250 രൂപ നിരക്കിൽ 32,483 ടണ്ണും, '92-'93ൽ 19,594 ടൺ മുളയുമാണ് ഇവിടെനിന്നും റയോൺസിന് നൽകിയത്. '93-94 ആയപ്പോൾ ടണ്ണിന് 350 രൂപയായി ഉയർത്തിക്കൊണ്ട് 1,302 ടൺ മുള നൽകി. അവസാന വർഷമായ '97-'98ൽ ടണ്ണിന് 385രൂപ പ്രകാരം 17,512.5 ടണ്ണാണ് മുറിച്ചു നൽകിയത്. 27.10.97 മുതൽ ടണ്ണിന് 406 രൂപയാക്കി നിരക്ക് വീണ്ടും ഉയർത്തി. ഈവർദ്ധനവ് ഉണ്ടായതിന്ശേഷം ഇവിടങ്ങളിൽ നിന്നും മുള മുറിച്ചിട്ടില്ല.

ഏകദേശം 16 മുള മതിയാവും ഒരു ടണ്ണിന്. ഒരു മുളങ്കൂട്ടത്തിൽ ശരാശരി 20 മുതൽ 40 വരെ മുളകൾ ഉണ്ടാവും. ഇതിൽനിന്നും പാകമായ ഒരു ടൺ മുള വരെ പ്രതിവർഷം കിട്ടും. ഒരു മുളങ്കൂട്ടത്തിന് സ്ഥിതിചെയ്യാൻ ഏകദേശം .00484 ഏക്കർ ഭൂമി വേണ്ടിവരും. 15 മീറ്റർ വരെ ഒരു മുളക്ക് നീളമുണ്ടാകും.

കുത്തക സ്വകാര്യ വ്യവസായ സംരംഭത്തിന് ടണ്ണിന് 385 രൂപ നിരക്കിൽ മുള നൽകുമ്പോൾ പാവപ്പെട്ട പരമ്പരാഗത മുള തൊഴിലാളികൾക്ക് 5മുളക്ക് (1/3 ടണ്ണിന്) 870 രൂപയാണ് വില. (ഇൻകം ടാക്സ് 110രൂപ, സെയിൽ വാല്യൂ 625രൂപ, ഫോറസ്റ്റ് ഡവലപ്പ്മെന്റ് ടാക്സ് 43രൂപ, സെയിൽ ടാക്സ് 77രൂപ, പ്രസ് അവന്യൂ 15രൂപ)

അവസാനവർഷങ്ങളിൽ മുറിച്ചതിൽ ഏകദേശം 25,000 ടണ്ണോളം മുളയാണ് ഇവിടെ കൂട്ടിയിട്ട് നശിപ്പിക്കുന്നത്. ഈ മുളകൾ ഇവിടെനിന്നും നീക്കം ചെയ്യാത്തതിനാൽ സ്വാഭാവിക വനം വളർന്നു വരുന്നതിനും തടസ്സമായിരിക്കുകയാണ്. സർക്കാറിന് തറവാടക നൽകുന്നുണ്ട് എന്ന ബലത്തിലാണ് ഈ മുളകൾ ഇവിടെ കൂട്ടി ഇട്ടിരിക്കുന്നത്. എന്നാൽ 2000 വരെയുള്ള തറവാടക മാത്രമെ ഇവിടെ സൂക്ഷിച്ചിട്ടുള്ള മുളകൾക്ക് നൽകിയിട്ടുള്ളൂ.

കേരളത്തിൽ 25,000ത്തോളം വരുന്ന പരമ്പരാഗത മുള തൊഴിലാളികളിൽ പകുതിയിലേറെ മുളയുടെ ദൗർലഭ്യം കൊണ്ട് ഇന്ന് ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റു വഴികൾ തേടുന്ന സാഹചര്യത്തിലാണ് ഈ മുള 'നശീകരണം, ഒരു മുളകൊണ്ട് നാളികേരം, ഞാറ്, വാഴക്കുല മുതലായവ ചുമക്കാൻ ഉപയോഗിക്കുന്ന വലിയ കുട്ട രണ്ടെണ്ണം നിർമ്മിക്കുവാൻ കഴിയും. ഇന്ന് ഈ കുട്ടക്ക് 150 രൂപവരെ വില കിട്ടും. നല്ല വേഗത ഉള്ള ഒരു തൊഴിലാളിക്ക് മുള വെട്ടുന്ന ജോലി ഉൾപ്പെടെ ഒന്നര ദിവസമെങ്കിലും വേണം ഒരു കുട്ട നിർമ്മിക്കുവാൻ. 5 മുളകൊണ്ട് 10 കുട്ട നിർമ്മിക്കുവാൻ കഴിയും. 10കുട്ട നിർമ്മിക്കുവാൻ 15 ദിവസം. പരമാവധി വില കിട്ടിയാൽ 10 കുട്ടക്ക് 1500രൂപ. ഇതിൽ 870രൂപ പാസ്സായി നൽകി കഴിഞ്ഞാൽ ബാക്കി 630രൂപ. വനം അടുത്തില്ലാത്ത സാഹചര്യത്തിൽ മുള വാഹനങ്ങളിൽ കൊണ്ടുവരേണ്ടിയും വന്നാൽ പിന്നെ തൊഴിലാളിക്ക് എന്ത് കിട്ടാൻ?

പാലക്കാട് ജില്ലയിലെ കവറസമുദായത്തിൽപ്പെട്ട പരമ്പരാഗത തൊഴിലാളികൾക്ക് മുള ലഭിക്കാത്തതിനാൽ മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ താമസിച്ചാണ് ഇപ്പോൾ ജോലിചെയ്യുന്നത്. മലപ്പുറം ജില്ലയിലെ സ്ഥിരതാമസക്കാരായ പറയ സമുദായത്തിൽപ്പെട്ടവരും താൽക്കാലിക താമസക്കാരായ കവറകളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ജില്ലയിൽ വേണ്ടത്ര വിപണി ഇല്ലാത്തത് മറ്റൊരു പ്രതിസന്ധിയായി മാറിയിട്ടുണ്ട്. ഒപ്പം പ്ലാസ്റ്റിക് കുട്ടകളും ഫൈബർ മുറങ്ങളും, ടയർ കുട്ടകളും വിപണിയിലെത്തിയത് മറ്റൊരു ഭീഷണി. വയനാട്ടിൽ പരമ്പരാഗത മുളതൊഴിൽ ഏറ്റവും കൂടുതൽ നടന്നിട്ടുള്ളത് തൃക്കൈപ്പറ്റയിലാണ്. മണിക്കുന്ന് മലയിൽനിന്നും അസംസ്കൃത വസ്തുവായ 'ഓട' ശേഖരിച്ചാണിവർ തൊഴിൽ ചെയ്തിരുന്നത്. സോഷ്യൽ ഫോറസ്റ്റ് വനം വച്ചു പിടിപ്പിക്കുന്ന ഈ മലയിൽനിന്നും ഇപ്പോൾ ഓട ലഭിക്കാത്തതിനാൽ ഇവിടങ്ങളിൽ ആർക്കും തന്നെ കുലതൊഴിൽ ചെയ്യാനാവാത്ത സാഹചര്യമാണ്. ബാംബൂ കോർപ്പറേഷൻ പോലുള്ള സർക്കാർ ഏജൻസികളുടെ സേവനം ഈ ജില്ലയിൽ തന്നെ ലഭ്യമല്ല.

വയനാട് ജില്ലയിലെ വിപണി തകർച്ചക്ക് കാരണം മറ്റൊന്നാണ്. കാർഷിക മേഖലയായിരുന്ന കാരാപ്പുഴ, തരിയോട് പ്രദേശങ്ങൾ അണക്കെട്ടിനായി (കാരാപ്പുഴ, ബാണാസുര സാഗർ പദ്ധതികൾ) കുടിയൊഴിപ്പിച്ചപ്പോൾ പരമ്പരാഗത മുള തൊഴിലാളികൾക്ക് നഷ്ടപ്പെട്ടത് വൻ വിപണനമേഖലയായിരുന്നു.

വയനാട്ടിൽ തൃക്കൈപ്പറ്റ, പുഞ്ചുർവയൽ, തരിയോട്, കോളേരി, പെരിക്കല്ലൂർ, പനമരം, പേരിയ തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന പറയ സമുദായത്തിൽപ്പെട്ടവരുടെ എണ്ണം 750 ഓളം വരും. ഓടയുടെ ലഭ്യതക്കുറവും വിപണി തകർച്ചയും കാരണം ഇപ്പോൾ കുലതൊഴിൽ ചെയ്യുന്നവർ വെറും ഇരുപത്തി അഞ്ചോളം പേർ മാത്രം.

കപ്പാടിയിൽ കൂട്ടിയിട്ട് വെറുതെ നശിപ്പിക്കുന്ന ഇരുപത്തി അഞ്ചായിരത്തോളം ടൺ മുള വേണ്ടുന്ന സമയത്ത് ഇക്കൂട്ടർക്ക് കിട്ടിയിരുന്നെങ്കിൽ വർഷങ്ങളോളം അസംസ്കൃതവസ്തുക്ഷാമം ഇവർ അറിയുമായിരുന്നില്ല.